ENTRI

1 Crore User Downloads

# CURRENT AFFAIRS 23 SEP 2024

▷ **നർമ്മദ സരോവർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നത് കാരണം ഗ്രാമങ്ങൾ മുങ്ങുന്നതിൽ പ്രതിഷേധിച്ച് ജല സത്യാഗ്രഹം പ്രഖ്യാപിച്ച പരിസ്ഥിതി പ്രവർത്തക**
**മേധാ പട്കർ**


മേധാ പട്കർ

---

▷ **2024 സെപ്റ്റംബറിൽ ഡൽഹിയുടെ പുതിയ മുഖ്യമന്ത്രിയായി അധികാരമേറ്റത്**
**അതിഷി മർലേന**

- ഡൽഹിയിൽ സുഷമ സ്വരാജിനും ഷീല ദീക്ഷിത്തിനും പിന്നാലെ മുഖ്യമന്ത്രി പദത്തിലേക്ക് എത്തുന്ന മൂന്നാമത്തെ വനിതയാണ് അതിഷി.
- ഡൽഹിയുടെ മുഖ്യമന്ത്രി പദത്തിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് അതിഷി.
- മദ്യനയ അഴിമതിക്കേസിൽ ജാമ്യം ലഭിച്ച് പുറത്തിറങ്ങിയതിന് പിന്നാലെ അരവിന്ദ് കെജ്‌രിവാൾ രാജി പ്രഖ്യാപിച്ചതോടെയാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് അതിഷിയെ തിരഞ്ഞെടുത്തത്.


അതിഷി മർലേന

---

▷ **2024 സെപ്റ്റംബറിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിതനായത്**
**ജസ്റ്റിസ് നിതിൻ ജാംദാർ**


ജസ്റ്റിസ് നിതിൻ ജാംദാർ

---

▷ **2024 സെപ്റ്റംബറിൽ ഇന്ത്യയുടെ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതയായ ഇന്ത്യൻ ഷൂട്ടിങ് താരം**
**മനു ഭാക്കർ**


മനു ഭാക്കർ

---

▷ **സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ വനിത അംഗം നിർബന്ധമെന്ന നിയമം പുറത്തിറക്കിയ രാജ്യം**
**യുഎഇ**

---

▷ **കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) പുതിയ വൈസ് ചാൻസലറായി നിയമിതനായത്**
**ഡോ. എം. ജുനൈദ് ബുഷ്റി**


ഡോ. എം. ജുനൈദ് ബുഷ്റി

---

▷ **2024 സെപ്റ്റംബറിൽ നാഷണൽ റൈഫിൾ അസോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്**
**കാളികേഷ് നാരായൺ സിങ് ദിയോ**